# ഇന്ത്യയും ബ്രസീലും തമ്മിലുള്ള സാമൂഹ്യ സുരക്ഷാ കരാർ

മാർച്ച് 16, 2017

എട്ടാമത് ബ്രിക്സ് ഉച്ചകോടിയിൽ നടന്ന ഗോവ പ്രഖ്യാപനത്തിന്റെ ആവേശത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിന്റെ ഭാഗമായി ,ജൂൺ 09, 2016 ൽ ജനീവയിലും 27-28 സെപ്തംബർ 2016 ൽ ന്യൂഡെൽഹിയിലും നടന്ന ബ്രിക്സ് ലേബർ & എംപ്ലായ്മെന്റ് മന്ത്രിമാരുടെ യോഗങ്ങളുടെ പരിണാമഫലമായി ഇന്ത്യയും ബ്രസീലും ഇന്ന് ബ്രസീലിയയിൽ വച്ച് സാമൂഹ്യ സുരക്ഷാ കരാർ കരട് രേഖകൾക്ക് തുടക്കം കുറിച്ചു

തീരുമാനിക്കപ്പെട്ട രേഖകൾ അനുസരിച്ചു , ഇരു രാജ്യങ്ങളിലേയും പിരിഞ്ഞു പോയ തൊഴിലാളികൾക്ക് അവരവരുടെ രാജ്യങ്ങളിൽ അവർ സംഭാവനകൾ നൽകുന്നിടത്തോളം കാലം രണ്ടു രാജ്യങ്ങളിലും സാമൂഹ്യ സുരക്ഷാ സംഭാവനകൾ നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെടും

ഇരു രാജ്യങ്ങളിലേയും പൌരന്മാരുടെ കടമകൾ , അവകാശങ്ങൾ, ഇരു രാജ്യങ്ങളിലെയൂം പൌരൻമാർക്ക് തുല്യ പരിഗണന, മറ്റ് കരാറെടുക്കൽ ചെയ്ത രാജ്യത്തു താമസിക്കുന്നതാണെങ്കിൽ പോലും വിലക്കില്ലാത്ത പെൻഷൻ പണം കൊടുക്കൽ നൽകുന്നതാണ്, എന്ന് രേഖ ഉറപ്പിച്ച് പറയുന്നു (ആനുകൂല്യ കയറ്റുമതി തത്ത്വം )

പെൻഷനു വേണ്ടി അർഹതപ്പെട്ട യോഗ്യതകൾ ഇന്ത്യയിലും ബ്രസീലിലും പൂർത്തിയാക്കപ്പെട്ട ഇൻഷൂറൻസ് കാലയളവുകൾ കൂട്ടി നോക്കി ആയിരിക്കും, അതേ സമയം ഓരോ രാജ്യവും അതിന്റെ നിയമങ്ങൾ പ്രതിപാദിക്കുന്ന ഇൻഷൂറൻസ് കാലയളവിലെ പെൻഷൻ മാത്രമാകും നല്കുക

ഇന്നത്തെ തീയതിയിൽ ഇന്ത്യ പതിനെട്ടു രാജ്യങ്ങളുമായി സോഷ്യൽ സെക്യൂരിറ്റി കരാറുകൾ ( എസ്എസ്എ ) ഒപ്പ് വയ്ക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു - ഓസ്ട്രേലിയ, ഓസ്ട്രിയ , ബെൽജിയം, കാനഡ, ചെക് റിപ്പബ്ലിക്, ഡെൻമാർക്ക്,

ഫിൻലാണ്ട്, ഫ്രാൻസ്, ജർമനി, ഹംഗറി, ജപ്പാൻ, ലക്സംബർഗ് , നെതെർലാൻഡ്സ്, നോർവേ, പോർച്ചുഗൽ , സ്വീഡൻ, സ്വിറ്റ്സർലൻഡ്, സൌത്ത് കൊറിയ

അതാത് രാജ്യങ്ങളിലെ അംഗീകാര നടപടികളെ തുടർന്ന് ഇന്ത്യയും ബ്രസീലും തമ്മിലുള്ള എസ്എസ്എ ഒരികൾ പ്രാബല്യത്തിൽ വരുന്നതോട് കൂടെ , വിദേശ പ്രവർത്തനങ്ങളിൽ ഉള്ള ഇന്ത്യൻ, ബ്രസീലിയൻ കമ്പനികൾക്ക് ഇരു രാജ്യങ്ങളിലും വിദേശത്തു ബിസിനസ് ചെയ്യുന്നതിലെ അവരുടെ ചെലവ് കുറച്ചുകൊണ്ട് ലാഭസാധ്യതയും മത്സരബുദ്ധിയുള്ളതുമായ ഒരു നിലയിലെത്തുവാൻ സഹായകമാകും . ഇരു രാജ്യങ്ങൾക്കുമിടയിലെ നിക്ഷേപ ഒഴുക്ക് കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിൽ എസ്എസ്എക്ക് സഹായിക്കുവാൻ സാധിയ്ക്കും

ഇന്ത്യയും ബ്രസീലും തമ്മിലുള്ള സാമൂഹ്യ സുരക്ഷാ കരാർ (എസ്എസ്എ ) 2018 തുടക്കത്തിൽ പ്രാബല്യത്തിൽ വരുമ്പോൾ ബ്രിക്സ് രാജ്യങ്ങൾക്കിടയിലെ ഇത്തരത്തിലുള്ള ആദ്യ കരാർ ആയിരിക്കുമത്

ഇന്ത്യൻ പ്രതിനിധികളെ ഗവൺമെന്റ് ഓഫ് ഇന്ത്യ , കേന്ദ്ര വിദേശകാര്യ മന്ത്രാലയം , ജോയിന്റ് സെക്രട്ടറി ( ഇക്കണോമിക് ഡിപ്ലോമസി ) ശ്രീ കെ. നാഗരാജ നായിഡു നയിച്ചു . ബ്രസീലിലെ പ്രതിനിധി സംഘത്തെ ശ്രീ ബെനെഡിറ്റോ എ ബ്രാൻകാ , സെക്രട്ടറി (സോഷ്യൽ സെക്യൂരിറ്റി പോളിസീസ് ), ഫിനാൻസ് മിനിസ്ട്രി, ഗവൺമെന്റ് ഓഫ് ബ്രസീൽ നയിച്ചു

ന്യൂഡെൽഹി
മാർച്ച് 16, 2017